

ഫോട്ടോ : ഗിരീഷ്, മാതൃഭൂമി

# സമരകേരളം : ഭാവി?

**കെ.ആർ.**

**ഐക്യകേരളത്തിന്** അമ്പത് വയസ്സ് പിന്നിടുമ്പോൾ പഴിയെല്ലാം മലയാളിക്കുതന്നെ-ആണിനും പെണ്ണിനും. ഹിപ്പോക്രിറ്റ്, മിണ്ടിയാൽ സമരം, സ്വാശ്രയബോധമില്ലാത്തവർ, തമിഴരുടെ പച്ചക്കറിവണ്ടിക്ക് കാത്തുനിൽക്കുന്നവർ, സ്വന്തം തെങ്ങിന്റെ കട ചിനക്കാൻ മടിക്കുന്നവർ, പടിഞ്ഞാറുനോക്കികൾ... എന്നിങ്ങനെ തുടങ്ങി ലോകപ്രശസ്തമായ ഞണ്ട് കഥവരെ എത്തുന്നു അത്. ഒരു സ്വയം വിമർശനത്തിന്റെ സദുദ്ദേശ്യത്തിൽ നിന്ന് മാറി ഇത്തരം സ്വയം ഇകഴ്ത്തലുകൾ അബോധമായെങ്കിലും മലയാളിയുടെ വ്യക്തിത്വരൂപീകരണത്തെ സ്വാധീനിച്ചുതുടങ്ങിയിരിക്കുന്നുവെന്ന് വേണം കരുതാൻ. മലയാളിക്ക് മേൽ ചാർത്തപ്പെട്ടിരിക്കുന്ന ഇത്തരം നിരവധി 'വിശേഷണങ്ങൾ' ഓരോന്നും പ്രത്യേകം പ്രത്യേകം വിശകലനം ചെയ്യപ്പെടേണ്ടതാണ്. അമ്പത് വർഷത്തിന് ശേഷം, ഭാഷാപരമായി പുന:സ്സംഘടിപ്പിക്കപ്പെടുകയോ ഐക്യപ്പെടുകയോ ചെയ്തതിന് ശേഷം കേരളം സ്വയം രൂപപ്പെടുത്തിയിട്ടുള്ളതും അതിന്മേൽ ആരോപിക്കപ്പെട്ടിട്ടുള്ളതുമായ വ്യക്തിത്വ സവിശേഷതകളെക്കുറിച്ചുള്ള ഒരു പഠനം മലയാളിചരിത്ര നിർമ്മിതിയിൽ വളരെ പ്രധാനമായിരിക്കും- അത് സാമൂഹ്യ-നരവംശ-ഭാഷാ ശാസ്ത്രകാരികളുടെ ചുമതലയാണ്.

കേരളം സമരങ്ങളുടെ നാട് എന്ന പേരിൽക്കൂടിയാണ് ടൂറിസം ഭൂപടങ്ങളിൽപ്പോലും അറിയപ്പെടുന്നത്. കൊടിപിടിച്ച് ജാഥ പോകുമ്പോൾ മറ്റൊരു ടൂറിസം പരേഡിന് സാക്ഷ്യം വഹിക്കുന്ന കൗതുകത്തോടെ ക്യാമറ തുറക്കുന്ന വിദേശിയുടെ നിർമ്മമതയോടെ ഓരോ സമരത്തേയും/ജാഥയേയും കാണാൻ നാം ശീലിച്ചുകഴിഞ്ഞിരിക്കുന്നു. കൊടിയും ജാഥയും സമരവുമൊക്കെ കേരളത്തിന്റെ മാത്രം പ്രത്യേകതയല്ലെന്നിരിക്കെ എന്തുകൊണ്ടാണ് കേരളത്തിന് മാത്രം സമരങ്ങളുടെ നാട് എന്ന് പേരുവന്നത്? പ്രത്യേകിച്ചും കഴിഞ്ഞ അമ്പത് വർഷത്തിനിടയ്ക്ക് മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ ഏറ്റെടുത്ത എടുത്തപറയാവുന്ന സമരങ്ങൾ ഒന്നും തന്നെ ഇല്ലെന്ന സ്ഥിതിക്ക്?

കേരളത്തെ പിടിച്ചുകുലുക്കിയ സമരങ്ങൾ എന്ന പേരിൽ വിശേഷിപ്പിക്കാവുന്നവയൊന്നും തന്നെ മുഖ്യധാരാരാഷ്ട്രീയ പാർട്ടികൾ ആസൂത്രണം ചെയ്യുകയോ പങ്കെടുക്കുകയോ ചെയ്തവയല്ല. ഫാക്ടറികളിലും തൊഴിൽശാലകളിലും നടത്തിയ ഇടപെടലുകൾ- അത് ചെറുതെന്നല്ല- ട്രേഡ് യൂണിയൻ സംഘടനകളുടെ ഭാഗത്തുനിന്നുണ്ടായി എങ്കിലും അവയെല്ലാം തന്നെ സംഘടിതമായ വിലപേശൽ എന്നതിൽ നിന്ന് വളർന്നില്ലെന്ന് മാത്രമല്ല സ്വയം സമൂഹത്തിന്റെ തിരുത്തായി മാറാൻ മാത്രം അവ ഉൾക്കരുത്തുള്ളവയുമായിരുന്നില്ല. തൊഴിലാളി ബോധം വളരെ പരിമിതമായ വൃത്തത്തിൽ ഒതുക്കിനിർത്തുന്നതിൽ ഇവിടുത്തെ തൊഴിലാളിപ്രസ്ഥാനങ്ങൾ ഒരു തരം ക്രിമിനൽ നിഷ്ഠ തന്നെ പുലർത്തി. സംഘടിത പ്രസ്ഥാനങ്ങളിൽ ഏറ്റവും അഴിമതി നിറഞ്ഞതും സ്വയം ഇല്ലായ്മ ചെയ്യുന്നവയുമെന്ന ഖ്യാതി വളരെക്കുറഞ്ഞ കാലം കൊണ്ട് തന്നെ നേടിയെടുക്കാൻ അവയ്ക്ക് കഴിഞ്ഞു. മൂലധനം എന്നത് തൊഴിലാളിയുടെ അധ്വാനം കൂടിയാണെന്നും അതിനാൽ തന്നെ ന്യായമായ അവകാശങ്ങൾക്ക് തങ്ങൾ സ്വയം അർഹരാണെന്നുമുള്ള നീതിബോധത്തിൽ നിന്ന് തൊഴിലാളി സാമാന്യത്തെ അകറ്റിക്കൊണ്ടുപോവുകയും ഇരുപക്ഷത്തുനിന്നും കമ്മീഷൻ പറ്റുന്ന ഏജന്റുമാരായി രാഷ്ട്രീയ നേതൃത്വം ഇടയിൽക്കയറിനിൽക്കുകയും ചെയ്തപ്പോഴാണ് ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ ചിട്ടിക്കമ്പനികളേക്കാൾ കൂടുതലായി എന്തെങ്കിലും മൂല്യം അവകാശപ്പെടാനാവാതെ പോയത്. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്ക് തുടർച്ച നഷ്ടപ്പെടുകയും തൊഴിലെടുക്കുന്ന പരിസരത്തിലേക്ക് മാത്രം അവ ചുരുങ്ങുകയും ചെയ്തത് ഇതിന്റെ സ്വാഭാവിക പരിണതിയായിരുന്നു- അതുകൊണ്ടാണ് മാവൂർ റയോൺസിന്റെ പരിസ്ഥിതി മലിനീകരണത്തിനെതിരെ തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് ശബ്ദിക്കാൻ കഴിയാതിരുന്നത്, പ്ലാച്ചിമടയിൽ കൊക്കക്കോളയ്ക്കുവേണ്ടി ഇങ്കിലാബ് വിളിക്കാൻ ട്രേഡ് യൂണിയനുകൾക്ക് മടിയില്ലാതെ പോയത്. ഏതൊരു ചെറിയ തൊഴിൽ യൂണിറ്റിലേക്കും വ്യാപിച്ച ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്ക് കേരളത്തിന്റെ വികസനചരിത്രത്തെ നീതിയിൽ അടിയുറച്ച പുതിയൊരു ദിശയിലേക്ക് ചലിപ്പിക്കുന്നതിൽ നിർണ്ണായകമായ സ്ഥാനം വഹിക്കാമായിരുന്നു എന്ന് സൂചിപ്പിക്കുകമാത്രം ചെയ്യട്ടെ. പുതുതായി ഉയർന്നുവരുന്ന തൊഴിൽ മേഖലകളിൽ- നവബാങ്കിങ് രംഗം, ഐടി, ടൂറിസം- എങ്ങനെ കടന്നചെല്ലുമെന്ന് അറിയാതെ വിഷമിക്കുകയാണ് ട്രേഡ് യൂണിയൻ രംഗം. ഐ ടി മേഖല കേരളത്തിൽ സജീവമായിട്ട് ഒരു ദശകത്തിലേറെ ആയെങ്കിലും തൊഴിൽ സംഘടനകൾക്കൊന്നും ഈ രംഗത്തേക്ക് കട

ന്നുചെല്ലാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നത് ഇതിന് ഉദാഹരണമാണ്. (ഈയിടെ തൃശ്ശൂരിൽ രൂപീകരിക്കപ്പെട്ട ഐ ടി അനുബന്ധ പ്രവർത്തകരുടെ അംബ്രെല്ലാ ഓർഗനൈസേഷനെ മറന്നുകൊണ്ടല്ല ഇതെഴുതുന്നത്. ദുർബലമായ ഈ തുടക്കത്തെപ്പോലും ഏറ്റെടുക്കാൻ സി ഐ ടി യു അടക്കം ഒരു തൊഴിലാളി സംഘടനയും തയ്യാറായിട്ടില്ല. ഐടി രംഗത്ത് ട്രേഡ് യൂണിയൻ ആവശ്യമുണ്ടോ എന്ന തർക്കം ഇപ്പോഴും തുടരുകയുമാണ്!)

കേരളത്തിന്റെ പൊതുബോധത്തെ നിർണ്ണയിച്ച സമരങ്ങളിലൊന്നും തന്നെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പങ്കുണ്ടായിരുന്നില്ല. (കേരള ചരിത്രത്തെ പ്രതിലോമകരമായി സ്വാധീനിച്ച വിമോചന സമരം ചെറിയ അപവാദമാണെന്ന് ചൂണ്ടിക്കാണിക്കാം. പക്ഷേ അതിന് തുടക്കം കുറിച്ചതും മുന്നോട്ട് നയിച്ചതും പ്രധാനമായും മത വർഗ്ഗീയ സംഘടനകളായിരുന്നല്ലോ.)

കൃത്യമായി നിർവ്വചിക്കപ്പെട്ട സാമൂഹ്യ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ചലിച്ച നക്സലൈറ്റ് മുന്നേറ്റങ്ങളാണ് കേരള ജനതയെ ആഴത്തിൽ സ്വാധീനിച്ചത്. പാർലമെന്ററി ജനാധിപത്യത്തിന്റെ ചതിക്കുഴികളിലേക്ക് പതിച്ചുപോയ ഇടതുപാർട്ടികളുടെ വിപ്ലവബോധത്തെ പിടിച്ചുകുലുക്കുകയും അവരെ പ്രതിരോധത്തിലാക്കുകയും ചെയ്തു നക്സലൈറ്റ് പ്രസ്ഥാനം; ഒപ്പം തന്നെ ആദിവാസികളുടെയും തീർത്തും പിന്നാക്കം നിൽക്കുകയും ചെയ്യുന്നവരുടെ രാഷ്ട്രീയം ആദ്യമായി മുഖ്യധാരയിൽ ചർച്ചചെയ്യപ്പെടാൻ നിർബന്ധിക്കുകയും ചെയ്തു. മാധ്യമസഹായത്തോടെ സമൂഹത്തിൽ മുഴുവൻ ഭീതിയുടെ 'പുകമറ സൃഷ്ടിച്ചുകൊണ്ട് ഭരണകൂടം ആ ചലനങ്ങളെ ചവിട്ടിഞെരിച്ചുകളഞ്ഞുവെങ്കിലും അത് വിതച്ചിട്ട സംവാദത്തിന്റെ വിത്തുകൾ പല രീതിയിൽ ഇന്നും കേരളസമൂഹത്തെ സക്രിയമാക്കി നിലനിർത്തുന്നുണ്ട്.

പരിസ്ഥിതിയുടെ രാഷ്ട്രീയം ഒരു പൊതു ചർച്ചാവിഷയമാക്കുകയും രാജ്യത്തെമ്പാടുമുള്ള പരിസ്ഥിതി സമരങ്ങൾക്ക് വഴികാട്ടിയാവുകയും ചെയ്ത സൈലന്റ് വാലി സമരത്തിന്റെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. മുഖ്യധാരാരാഷ്ട്രീയപാർട്ടികൾ പൂർണ്ണമായും ഒഴിഞ്ഞുനിന്ന ആ സമരത്തെ അംഗീകരിക്കാൻ ഇന്നും ഇരുരാഷ്ട്രീയ ധാരകൾക്കും ആയിട്ടില്ല. മുഖ്യധാരാരാഷ്ട്രീയ കക്ഷികളുടെ പിന്തുണയില്ലാതെ തന്നെ സമരങ്ങൾക്ക് പ്രസക്തിയും ഫലവുമുണ്ടാകാമെന്ന ബോധ്യത്തിലേക്കുകൂടി സൈലന്റ് വാലി സമരം നയിച്ചു. ആ അർത്ഥത്തിൽ അത് ഒരു രാഷ്ട്രീയ വിജയം കൂടി ആയിരുന്നു. പിന്നീടുണ്ടായ ചെറുതും വലുതുമായ നിരവധി പ്രസ്ഥാനങ്ങൾക്ക് അത് ഊർജ്ജം പകർന്നു.

ആദിവാസി ഭൂമിക്ക് വേണ്ടി നിരന്തരം ഉയർന്ന സമരങ്ങൾ രാഷ്ട്രീയ മുഖ്യധാരയുടെ ചതിപ്രയോഗങ്ങൾക്ക് എതിരായാണ് ഉയർന്നുവന്നത്. അതേ ചതിപ്രയോഗത്തിന്റെ ഇരയാവാനായിരുന്നു ഈ സമരങ്ങളുടെ വിധി എങ്കിലും ഒരു ജനാധിപത്യസമൂഹം എന്ന നിലയിൽ കേരളത്തിന്റെ നീതിബോധത്തെ അത് ചോദ്യം ചെയ്തു. തിരുവനന്തപുരത്തെ കുടിൽ കെട്ടി സമരം മുതൽ മുത്തങ്ങയിലെ അടിച്ചമർത്തൽ വരെ നീണ്ട സമരചരിത്രം പ്രതിക്കൂട്ടിൽ നിർത്തിയത് കേരള സമൂഹത്തെ ഒന്നടങ്കം ആയിരുന്നു. കേരളത്തിന്റെ വിധാതാക്കളെന്ന് സ്വയം പ്രഖ്യാപിക്കുന്ന രാഷ്ട്രീയ മുന്നണികളുടെ രാഷ്ട്രീയ പാപ്പരത്തം വെളിവാക്കിക്കൊണ്ടാണ് ആദിവാസി സമരങ്ങൾ തുടരുക.

രാഷ്ട്രീയ കക്ഷികളുടെ പിന്തുണ ഇല്ലാതെ മുന്നോട്ട് വന്ന സമരങ്ങളാണ് കേരളത്തിന്റെ ജനാധിപത്യവൽക്കരണത്തെ സ്വാധീനിച്ചത് എന്ന് ചൂണ്ടിക്കാട്ടുക മാത്രമാണ് ഇവിടെ. ദലിത് - ആദിവാസി- സ്ത്രീ- ലൈംഗിക ന്യൂനപക്ഷങ്ങൾ, ലൈംഗിക തൊഴിലാളികൾ, വികസനത്തിന്റെ പേരിൽ കുടിയൊഴിക്കപ്പെട്ടവർ, പരമ്പരാഗത തൊഴിലുകളുടെ നാശത്തിനും പുതിയ തൊഴിൽ മേഖലകളുടെ വളർച്ചയ്ക്കും ഇടയിൽ കുടുങ്ങിപ്പോയവർ തുടങ്ങി നിരവധി ചെറുസമൂഹങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനോ അവയിൽ ഇടപെടുന്നതിനോ ഉള്ള രാഷ്ട്രീയ ബോധം ഇവിടുത്തെ രാഷ്ട്രീയ കക്ഷികൾക്ക് ഇതുവരെ ഉണ്ടായിട്ടില്ല.

കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിൽ എടുത്തുപറയാവുന്ന ഒരൊറ്റ തൊഴിൽ സമരം പോലും കേരളത്തിൽ ഉണ്ടായിട്ടില്ല. തൊഴിൽ മേഖലയിൽ അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയാണ്. തൊഴിലിടങ്ങളിൽ സ്ത്രീകൾ ഇന്നും അരക്ഷിതരായി തുടരുന്നു.

കാർഷിക മേഖലയുടെ ഏതാണ്ട് സമ്പൂർണ്ണമായ തകർച്ച കണ്ട ദശകങ്ങളാണ് കഴിഞ്ഞുപോയത്. എന്നിട്ടുപോലും കാർഷികമേഖലയെ ഉടച്ചുവാർക്കലിന് പ്രേരിപ്പിക്കുന്ന ഒരൊറ്റ സമരം പോലും നടന്നില്ല- ചെറിയ ഗ്രൂപ്പുകളുടെ ഇടപെടലുകളല്ലാതെ. എന്നിട്ടും കഴിഞ്ഞ മന്ത്രിസഭയുടെ നേതാവ് ഉമ്മൻ ചാണ്ടി പറഞ്ഞത് കാർഷികമേഖലയിലെ തകർച്ചയ്ക്ക് കാരണം തൊഴിൽ സമരങ്ങളാണെന്നാണ്! അറിവില്ലായ്മ കൊണ്ട് പറഞ്ഞുപോയതല്ല അത്. താനടക്കം പ്രതിനിധാനം ചെയ്യുന്ന അധികാരത്തിന്റെയും രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും നിരുത്തരവാദിത്വം 'സമരം' എന്ന അജ്ഞാത വില്ലനിൽ കെട്ടിവെച്ച് തടിതപ്പുകയാണ്. സമരങ്ങളുടെ നാട് എന്ന വിശേഷണം ചാർത്തിക്കിട്ടുന്നതും ഇത്തരം കുറുക്കുവഴികളിലൂടെത്തന്നെ.

സമരങ്ങൾക്കെതിരെ മുഖ്യധാരാമാധ്യമങ്ങളും ചിലമേഖലകളെയെങ്കിലും സമരവിമുക്തമാക്കണമെന്ന് സി പി എം അടക്കമുള്ള രാഷ്ട്രീയ കക്ഷികളും സമവായത്തിലെത്തിയിരിക്കുന്നു, കേരളത്തിന്റെ ഈ അമ്പതാം വർഷത്തിൽ. അതുകൊണ്ട് സൂക്ഷിക്കുക. സമരങ്ങൾ സക്രിയവും ചലനാത്മകവുമായ ജനാധിപത്യസമൂഹത്തിന്റെ മുഖമുദ്രയാണ്. **സമരമുഖരമായ തെരുവുകളും തൊഴിൽശാലകളും തന്നെയാണ് പുരോഗാമിയായ ഒരു ജനാധിപത്യസമൂഹത്തിന്റെ മുദ്ര. ഓരോ ചെറുസമൂഹവും സ്വന്തം മനുഷ്യാവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതുതന്നെയാണ് യഥാർത്ഥ വികസനം. സാമൂഹ്യനീതി തന്നെയാണ് വികസനം. നമ്മുടെ തെരുവുകളിൽ കൊടികൾ താനേ താഴുമ്പോൾ സൂക്ഷിക്കുക,** കുറ്റൻ വിനൈൽ ബോർഡുകളിൽ 'വൈകീട്ടെന്താ പരിപാടി?' എന്ന ചോദ്യം നിങ്ങളെ നോക്കി ചിരിച്ചിരിക്കുന്നുണ്ട്. 'കോക്ക് കുടിക്കൂ ഒരു സുഖം കിട്ടും' എന്ന സന്ദേശം നിങ്ങളുടെ കുട്ടികളെ പ്രലോഭിപ്പിക്കുന്നുണ്ട്. കാടുമുഴുവൻ വെട്ടിമുടിച്ച മറ്റൊരു ഭീമൻ ഭൂമിയെ പച്ച പിടിപ്പിക്കുന്നതിന്റെ ക്രെഡിറ്റ് മുഴുവൻ നഗരത്തിലെ ഹോർഡിങ്ങിലൂടെ ഏറ്റെടുക്കുന്നുണ്ട്. 'ശ്രദ്ധതിരിക്കൂ' എന്ന് അണിയിച്ചൊരുക്കിയ ഒരു പൃഷ്ഠം നിങ്ങളെ നോക്കി പറയുന്നുണ്ട്.